**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 998**
**11.7.2011 - ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ

ചോദ്യം | ഉത്തരം

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ മേഖലയിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ എവിടെയൊക്കെയാണ് അവ ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | കേരളാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ഒരു ഫാർമസി കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ (കൺസ്യൂമർഫെഡ്) കീഴിൽ ഒരു സഹകരണ രീതിയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂരിലും, ഒരു ഡി.ഫാം കോളേജ് എറണാകുളത്തും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സഹകരണ വകുപ്പിന്റെ കീഴിലുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് |

| | | | |
|---|---|---|---|
| | | | പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) ആഭിമുഖ്യത്തിൽ പത്തനാപുരത്തും, ആറൻമുളയിലും ഓരോ എൻജിനീയറിംഗ് കോളേജുകൾ എ.ഐ.സി.റ്റി.ഇ യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ അദ്ധ്യയന വർഷത്തിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിൽ കേപ്പിന്റെ കീഴിൽ ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒരു നിരോധന ഉത്തരവ് പ്രകാരം തുടർ നടപടികൾ നിർത്തിവെച്ചിരിക്കുകയാണ്. |
| (സി) | മലപ്പുറം ജില്ലയിൽ സഹകരണ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | നിയമാനുസൃതമുള്ള അപേക്ഷകൾ ലഭിച്ചാൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ